"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് – പഞ്ചായത്ത് ജീവനക്കാര്യം – തിരുവനന്തപുരം ജില്ല – കോട്ടുകാൽ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. സജീവ് ലാൽ എസ്.നെതിരായ അച്ചടക്ക നടപടി – ഔപചാരിക അന്വേഷണത്തിന് തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി – ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.1889/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 13/10/2020

1 പഞ്ചായത്ത് ഡയറക്ടറുടെ 02.08.2017-ലെ ഡി3-37467/16 നമ്പർ കുറ്റാരോപണ മെമ്മോ.

2 പഞ്ചായത്ത് ഡയറക്ടറുടെ 28.06.2019 -ലെ ഡി3-37467/16 നമ്പർ നടപടിക്രമങ്ങൾ

3 സർക്കാരിന്റെ 28.10.2019-ലെ ഇപിബി2/198/2019/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്

4 ശ്രീ. സജീവ് ലാൽ എസ്. സമർപ്പിച്ച 13.12.2019-ലെ പ്രതിവാദ പത്രിക

ഉത്തരവ്

തിരുവനന്തപുരം ജില്ലയിലെ കോട്ടുകാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. സജീവ് ലാലിനെതിരെ ഗുരുതരമായ ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ട് ലഭിച്ച പരാതിയിന്മേൽ അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ടിൽ CRZ മേഖലയിൽ ഉൾപ്പെടുന്ന വസ്തുവിൽ കെ.പി.ബി.ആർ. 2011 ചട്ടം 5, 6, 7 വ്യതിചലിച്ച് ഹോട്ടൽ കം അപ്പാർട്ട്മെൻറ് പ്രോജക്ടിന് നിയമപരമായ നടപടിക്രമങ്ങൾ പാലിക്കാതെയും പരിസ്ഥിതി വകുപ്പ് നൽകിയ അനുമതിപത്രത്തിലെ നിബന്ധന പാലിക്കാതെയും, മലിനീകരണ നിയന്ത്രണ ബോർഡിന്റെ കാലാവധി കഴിഞ്ഞ അനുമതി പത്രത്തിന്റെ അടിസ്ഥാനത്തിലും കെട്ടിട നിർമ്മാണ അനുമതി നൽകിയത് അടിയന്തിരമായി റദ്ദാക്കാനും നിയമവിരുദ്ധമായി പ്രവർത്തിച്ച കോട്ടുകാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കാനും ശുപാർശ ചെയ്തിരുന്നു.

2. തുടർന്ന് ഈ വിഷയത്തിൽ തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയും, ഫയർ & റെസ്ക്യൂ നൽകിയ അനുമതിപത്രത്തിലും, പെർമിറ്റ് അപേക്ഷയിലും വ്യത്യസ്ത പേരുകളാണെന്നും, കെട്ടിട നിർമ്മാണം നടക്കുന്ന സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് കോടതി വ്യവഹാരങ്ങൾ നിലവിൽ ഉള്ളതായും CRZ-മായി ബന്ധപ്പെട്ട വ്യവസ്ഥകൾ പാലിക്കാതെയും, പരിസ്ഥിതിവകുപ്പ് നൽകിയ അനുമതിപത്രത്തിലെ നിബന്ധനകൾ പാലിക്കാതെയും, മലിനീകരണ നിയന്ത്രണ ബോർഡിന്റെ കാലാവധി കഴിഞ്ഞ അനുമതി പത്രത്തിന്റെ അടിസ്ഥാനത്തിലും പെർമിറ്റ് നൽകിയത് നിയമവിരുദ്ധമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ നടപടിക്രമങ്ങൾ പാലിക്കാതെ കെട്ടിട നിർമ്മാണ പെർമിറ്റ് റദ്ദാക്കിയതു കാരണം എതിർകക്ഷിക്ക് കോടതിയിൽ നിന്ന് സ്റ്റേ ലഭിക്കുകയും, അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുകയും ചെയ്തത് ഗുരുതരമായ ക്രമക്കേടാണെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ക്രമക്കേടുകൾക്ക് ഉത്തരവാദിയായ കോട്ടുകാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ.സജീവ്

ലാലിനെ സേവനത്തിൽ നിന്ന് സസ്പെൻറ് ചെയ്തിരുന്നു. തുടർന്ന് പെർമിറ്റ് നൽകിയ സ്ഥലം CRZ പരിധിയിൽ വരുന്നതാണോ അല്ലയോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്തിയില്ല, പുറമ്പോക്ക് ഭൂമി ഉണ്ടോയെന്ന് പരിശോധന നടത്തിയില്ല, നിർദ്ദിഷ്ട ഫാറത്തിൽ അപേക്ഷ സ്വീകരിക്കാതെയും CRZ വ്യവസ്ഥകൾ പരിശോധിക്കാതെയും പെർമിറ്റ് നൽകി, നിർമ്മാണം നടക്കുന്ന വസ്തുവിൽ കോടതി കേസ്സുണ്ടെന്ന പരാതി പരിശോധിച്ചില്ല, കെട്ടിട നിർമ്മാണ പെർമിറ്റ് നൽകരുതെന്ന പഞ്ചായത്ത് കമ്മിറ്റി തീരുമാനം പാലിച്ചിട്ടില്ല എന്നീ കുറ്റങ്ങൾ മുൻനിർത്തി പരാമർശം (1) പ്രകാരം കുറ്റാരോപണ മെമ്മോ നൽകുകയും തുടർന്ന് ടിയാനെ സേവനത്തിൽ പുനപ്രവേശിപ്പിക്കുകയും ചെയ്തു.

3. ശ്രീ. സജീവ് ലാലിനെതിരെ പഞ്ചായത്ത് ഡയറക്ടർ തലത്തിൽ അച്ചടക്ക നടപടി സ്വീകരിച്ചു വരവേ ടിയാൻ 31.05.2019-ന് സേവനത്തിൽ നിന്നും വിരമിച്ചതിനാൽ ടിയാനെതിരെ തുടർന്നുവന്ന അച്ചടക്ക നടപടികൾ പരാമർശം (2) പ്രകാരം തീർപ്പാക്കി സർക്കാർ തലത്തിൽ കെ.എസ്.ആർ. ഭാഗം 3 ചട്ടം 3 പ്രകാരം നടപടി സ്വീകരിക്കുവാൻ പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്യുകയുണ്ടായി.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ വിജിലൻസ് & ആൻറി കറപ്ഷൻ ബ്യൂറോയുടെ 16.03.2017-ലെ RV-57/2016/SIU 1/LS നം. ത്വരിതാന്വേഷണ റിപ്പോർട്ട് പ്രകാരം പഞ്ചായത്ത് ഡയറക്ടർ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ കോട്ടുകാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി പെർമിറ്റ് റദ്ദാക്കിയത് ബഹു: കേരള ഹൈക്കോടതി സ്റ്റേ ചെയ്യുകയും പഞ്ചായത്ത് സെക്രട്ടറി കൗണ്ടർ അഫിഡവിറ്റ് ഫയൽ ചെയ്തതിന്റെ അടിസ്ഥാനത്തിൽ തുടർനിർമ്മാണ പ്രവർത്തനങ്ങൾ വിലക്കി ഉത്തരവാകുകയും ചെയ്തിട്ടുണ്ടെന്നും, ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും നിർദ്ദേശങ്ങൾ ഉണ്ടായിട്ടും ആരോപണ വിധേയമായസ്ഥലം CRZ നോട്ടിഫിക്കേഷന് വിധേയമാണോയെന്നും കോസ്റ്റൽ റെഗുലേഷൻ സോണിൽ വരുന്നതാണോയെന്നും സെക്രട്ടറി ഉറപ്പുവരുത്തിയിട്ടില്ലെന്നും CRZ വ്യവസ്ഥകൾ പാലിക്കുന്നതിലും, വിജ്ഞാപനപ്രകാരമുള്ള അപേക്ഷ വാങ്ങുന്നതിലും സെക്രട്ടറിയുടെ ഭാഗത്ത് വീഴ്ചയുണ്ടായിട്ടുണ്ടെന്നും നിലവിലെ കേസ്സുകളിൽ പഞ്ചായത്ത് കക്ഷി ചേരുകയോ, സ്യൂട്ട് രജിസ്റ്ററിൽ ചേർക്കുകയോ, വക്കീലിനെ ചുമതലപ്പെടുത്തുകയോ ചെയ്തിട്ടില്ലെങ്കിൽ പോലും നിർദ്ദിഷ്ട വസ്തുവിന്മേലുള്ള ഉടമസ്ഥാവകാശ തർക്കമായതിനാൽ അവ അർഹിക്കുന്ന ഗൗരവത്തോടുകൂടി സെക്രട്ടറി കൈകാര്യം ചെയ്യേണ്ടതായിരുന്നെന്നും, പെർമിറ്റ് നൽകുന്നതുവരെ പരാതികൾ ഉണ്ടായിരുന്നില്ലെന്ന സെക്രട്ടറിയുടെ വാദഗതികൾ നിലനിൽക്കുന്നതല്ലെന്നും, പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിലെ നിർദ്ദേശങ്ങൾ പാലിച്ചല്ല സെക്രട്ടറി പെർമിറ്റ് നൽകിയിട്ടുള്ളതെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സെക്രട്ടറിയായിരുന്ന ശ്രീ. സജീവ് ലാലിന്റെ ഭാഗത്തുനിന്നും അതീവ ഗുരുതരമായ വീഴ്ച ഉണ്ടായിട്ടുണ്ടെന്ന കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ടിയാൻ 31.05.2019-ന് സേവനത്തിൽ നിന്നും വിരമിച്ചതിനാൽ കെ.എസ്.ആർ. ഭാഗം 3 ചട്ടം 3(എ) പ്രകാരം നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 500/- രൂപ വീതം 5 വർഷത്തേക്ക് കുറവ് ചെയ്യുന്നതിന് താൽക്കാലിക തീരുമാനമെടുത്ത് പരാമർശം ( 3 ) പ്രകാരം കാരണം കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി. കാരണം കാണിക്കൽ നോട്ടീസിന് ശ്രീ. സജീവ് ലാൽ പരാമർശം (4) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിൽ ആരോപണങ്ങളെല്ലാം നിഷേധിച്ചിട്ടുണ്ട്.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കെ.എസ്.ആർ. ഭാഗം 3 ചട്ടം 3(എ) പ്രകാരം നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ശ്രീ. സജീവ് ലാലിന്റെ പ്രതിമാസ പെൻഷനിൽ നിന്നും 500/- രൂപ വീതം 5 വർഷത്തേക്ക് കുറവ് ചെയ്യുന്നതിന് താൽക്കാലിക തീരുമാനമെടുത്ത് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുള്ളതിനാൽ ശ്രീ. സജീവ് ലാലിനെതിരായ അച്ചടക്ക നടപടിയിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിനു മുമ്പായി ഇക്കാര്യത്തിൽ ഔപചാരിക അന്വേഷണം നടത്തേണ്ടതായിട്ടുണ്ട്. ഈ സാഹചര്യത്തിൽ ശ്രീ. സജീവ് ലാലിനെതിരായ ആരോപണങ്ങളിന്മേൽ അച്ചടക്ക നടപടികൾ സംബന്ധിച്ച മാന്വൽ പ്രകാരമുള്ള ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. അന്വേഷണ റിപ്പോർട്ട് 15 ദിവസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യൂ**
**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

1. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം

   (പരാമർശം (1)-(5) എന്നിവയുടെ പകർപ്പുകൾ സഹിതം)

2. ശ്രീ. സജീവ് ലാൽ എസ്, മുൻ സെക്രട്ടറി, കോട്ടുകാൽ ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ

5. പ്രസിഡന്റ്/സെക്രട്ടറി, കോട്ടുകാൽ ഗ്രാമപഞ്ചായത്ത്

6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം

7. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്

8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി2/198/2019/തസ്വഭവ)

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SUDHEER S S
Date: 2020.10.13 16:08:33 IST
Reason: Approved
സെക്ഷൻ ഓഫീസർ